# പതിനാലാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 173** — **13.07.2016-ൽ മറുപടിക്ക്**

## സാമുദായിക ഭിന്നത ഉണ്ടാക്കുന്ന വർഗ്ഗീയ ശക്തികളുടെ പ്രവർത്തനങ്ങൾ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. കെ.ഡി. പ്രസേനൻ<br>ശ്രീ. സി. കൃഷ്ണൻ<br>ശ്രീ. പി.ടി.എ. റഹീം<br>ശ്രീമതി. വീണാ ജോർജ് | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) സംസ്ഥാനത്തെ ആരാധനാലയങ്ങൾ കേന്ദ്രീകരിച്ച് വർഗ്ഗീയ ശക്തികൾ സാമുദായിക ഭിന്നത ഉണ്ടാക്കുന്ന പ്രവർത്തനങ്ങൾ നടത്തുന്നത് ഇന്റലിജൻസ് വിഭാഗത്തിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) ഇത്തരം ഛിദ്രശക്തികളെ അമർച്ച ചെയ്യാനായി എടുക്കാനുദ്ദേശിക്കുന്ന നിയമ നടപടികൾ അറിയിക്കാമോ; | (ബി) ഇക്കാര്യത്തിൽ സംസ്ഥാന സ്പെഷ്യൽ ബ്രാഞ്ച് വിഭാഗത്തിന്റെ സഹായത്തോടു കൂടി നിരീക്ഷണങ്ങൾ നിരന്തരം നടത്തി വരികയും സാമുദായിക ഭിന്നത ഉളവാക്കുന്ന പ്രവർത്തനങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ അത്തരം ആളുകൾക്കെതിരെ 153(എ), 153(ബി) ഐ.പി.സി മുതലായ വകുപ്പുകൾ പ്രകാരം കർശന നടപടികൾ സ്വീകരിക്കുന്നതാണ്. |
| (സി) ഇത്തരം ഛിദ്രശക്തികളുടെ പേരിൽ നിയമ വിരുദ്ധ പ്രവർത്തനം തടയൽ നിയമപ്രകാരം കർശന നടപടി സ്വീകരിക്കുമോ ? | (സി) ആരെങ്കിലും നിയമവിരുദ്ധ പ്രവർത്തനം തടയൽ നിയമത്തിന്റെ പരിധിയിൽ വരുന്ന കുറ്റകൃത്യങ്ങളിൽ ഉൾപ്പെട്ടതായി വിവരം ലഭിച്ചാൽ അവരുടെ പേരിൽ ടി നിയമപ്രകാരം നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ